**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** **31.10.2019-ൽ മറുപടിക്ക്**

**ചോദ്യം നം.111**

**എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.എം. കെ. മുനീർ**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**,, പാറക്കൽ അബ്ദുല്ല**<br>**,, എം.ഉമ്മർ:** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് മത്സ്യങ്ങളെ ആകർഷിച്ച് നടത്തുന്ന ലൈറ്റ് ഫിഷിംഗ് മൂലം ചെറുമീനുകളും സൂക്ഷ്മ ജീവികൾ പോലും നശിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തങ്ങളുടെ ആശങ്ക സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ലൈറ്റ് ഫിഷിംഗ് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | 12 വോൾട്ടിൽ കൂടുതലുള്ള കൃത്രിമ പ്രകാശം ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ച് കൊണ്ട് 01/09/2018-ലെ ജി.ഒ (പി) നം. 18/2018/മ.ഉ.വ ഉത്തരവ് പ്രകാരം കെ.എം.എഫ്.ആർ റൂൾ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ മറൈൻ എൻഫോഴ്സ്മെൻറ് വിംഗിന്റെ സഹായത്തോടെ പരിശോധനകൾ ശക്തമാക്കുകയും നിയമലംഘകർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**